പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.588** **08.08.2017 ൽ മറുപടിയ്ക്ക്**

## സ്പോർട്ട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

**മറുപടി**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സ്പോർട്ട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും അതിനുവേണ്ടി ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) | വിവരം ശേഖരിച്ചു വരുന്നു. |
| ബി) | മുൻ സർക്കാരിന്റെ കാലത്ത് സ്പോർട്ട്സുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും അതിനുവേണ്ടി ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | ബി) | വിവരം ശേഖരിച്ചു വരുന്നു. |
| സി) | സ്പോർട്ട്സ് വകുപ്പിനു കേന്ദ്രസഹായം ലഭിക്കാറുണ്ടോ; | സി) യും ഡി) യും | കായിക രംഗത്തിന്റെ വികസനം ലക്ഷ്യമാക്കി കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെയും, സംസ്ഥാന സർക്കാരിന്റെയും, സഹായത്തോടെ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ പൈക്ക എന്നറിയപ്പെടുന്ന പഞ്ചായത്ത് യുവക്രീഡാ ഓർ ഖേൽ അഭിയാൻ പദ്ധതി പ്രകാരം 2010-11, 2011-12 വർഷത്തിൽ ഉൾപ്പെടുത്തിയ 200 ഗ്രാമപഞ്ചായത്തുകൾക്കും 28 ബ്ലോക്ക് പഞ്ചായത്തുകൾക്കും, അടിസ്ഥാന കളിസ്ഥല വികസനത്തിനും കായിക ഉപകരണങ്ങൾക്കും, പൈക്ക കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും അതിന്റെ ചുമതലക്കാരായ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്ക് നൽകുന്ന ഹോണറേറിയത്തിനും മറ്റുമായി 10,35,86,501/- രൂപയും ലഭിച്ചിട്ടുണ്ട്.<br><br>2011-12 വർഷത്തെ പൈക്ക റൂറൽ വാർഷിക കായിക മത്സരങ്ങൾക്കായി 1,41,09,356/- രൂപയും ലഭിച്ചിട്ടുണ്ട്.<br><br>രാജീവ് ഗാന്ധി ഖേൽ അഭിയാൻ (RGKA) എന്ന് പുനർ നാമകരണം ചെയ്ത പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിൽ 2014-15 ലെ റൂറൽ/വനിത/ വാർഷിക കായികമത്സരങ്ങൾ (ബ്ലോക്ക്/ജില്ലാ/സംസ്ഥാന) വനിതാ |
| ഡി) | എങ്കിൽ മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും ലഭിച്ച ഫണ്ടിന്റെ വിശദാംശം നൽകാമോ? | | |

| | | | |
|---|---|---|---|
| | | | (ജില്ലാ/സംസ്ഥാന) വാർഷിക മത്സരങ്ങൾ സംഘടിപ്പിയ്ക്കുകയുണ്ടായി. പ്രസ്തുത മത്സരങ്ങളുടെ നടത്തിപ്പിനായി2,28,00,000/- രൂപയും വനിത (ജില്ലാ/സംസ്ഥാന) വാർഷിക കായിക മത്സരങ്ങൾക്കായി 47,60,000/- രൂപയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കോമ്പറ്റീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിക്കുകയുണ്ടായി.<br><br>2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഖേൽ അഭിയാൻ പദ്ധതി, ഖേലോ ഇന്ത്യ എന്ന് വീണ്ടും പുന:നാമകരണം ചെയ്യുകയും, പ്രസ്തുത പദ്ധതിയുടെ വാർഷിക കായിക മത്സരങ്ങൾ സംഘടിപ്പിയ്ക്കുവാൻ 1,19,82,000/- രൂപ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കോമ്പറ്റീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിക്കുകയുണ്ടായി.<br><br>കൂടാതെ ദേശീയ ഗെയിംസിനായി സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും വേണ്ടി 2009 മുതൽ 2015 വരെയുള്ള കാലയളവിൽ 128.78 കോടി രൂപയും അനുവദിച്ചിട്ടുണ്ടായിരുന്നു. |

**സെക്ഷൻ ഓഫീസർ**